# കുഞ്ഞുങ്ങളെ പ്രകൃതിബന്ധം നിലനിർത്തി വളർത്തുക

ഷീബ അമീർ

**കേരളത്തിലെ പരിസ്ഥിതി ബോധവൽക്കരണ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമിട്ടതിൽ മുഖ്യ പങ്കുവഹിച്ചവരിൽ പ്രൊഫസർ ജോൺസി ജേക്കബിന്റെ പങ്ക് നിസ്തുലമാണ്. പയ്യന്നൂർ കോളേജിലെ ജന്തുശാസ്ത്രാദ്ധ്യാപകനായിരുന്ന അദ്ദേഹം സുവോളജിക്കൽ ക്ലബ്ബും നേച്ചർ ക്യാമ്പുകളും തുടങ്ങാൻ മുൻകൈയ്യെടുത്തു. കണ്ണൂരിലെ എടാട്ടെ 'സീക്കി'ന്റെ (സൊസൈറ്റി ഫോർ എൻവിറോൺമെന്റൽ എജുക്കേഷൻ ഇൻ കേരള) മുഖ്യ പ്രവർത്തകനും 'സൂചിമുഖി' പരിസര വിദ്യാഭ്യാസ മാസികയുടെ പത്രാധിപരുമായിരുന്നു. തുടർന്ന് 'ആൻഖ്' പരിരക്ഷണ മാസിക എഡിറ്റ് ചെയ്തു. ഇപ്പോൾ വിശ്വ സാഹോദര്യ 'പ്രസാദം' മാസികയുടെ (പ്രതിഷ്ഠാനം കൂട്ടായ്മ) ജീവാത്മാവും പരമാത്മാവുമായി തുടരുന്നു. പരിസ്ഥിതി;ആത്മീയത തന്റെ വിപുലമായ ശിഷ്യ-സൗഹൃദ വലയത്തിലൂടെ, കത്തിടപാടുകളും ക്യാമ്പും ക്ലാസ്സുകളിലൂടെയും മാസികയും പുസ്തകങ്ങളിലൂടേയും കഴിഞ്ഞ 30 വർഷത്തിലധികമായി തളരാതെ തുടരുന്ന ജോൺസി 'കേരളീയ'ത്തോട് സംസാരിക്കുന്നു.**

**? സൈലന്റ് വാലിയുടെ മറവിൽ മറ്റൊരു പദ്ധതി വരുമ്പോൾ ഒരു പരിസ്ഥിതി സംരക്ഷകൻ എന്ന നിലയിൽ എന്ത് തോന്നുന്നു ?**

സൈലന്റ് വാലിക്കാര്യം ഓരോ പ്രാവശ്യവും കൊല്ലന്റെ ആലയിലെ കൂടം പോലെയാണ്. പണ്ടതൊരു പൊളിറ്റിക്കൽ ഇഷ്യു ആയിരുന്നു. പാരിസ്ഥിതിക അവബോധവും ജനകീയ പ്രക്ഷോഭവും അന്താരാഷ്ട്ര സമ്മർദ്ദവും അതിനേക്കാളുപരി പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ ഇടപെടലുമായിരുന്നു താഴ്വരയെ അണക്കെട്ടിൽ നിന്ന് രക്ഷിച്ചത്. എന്നാൽ ഇന്നു നോക്കുമ്പോൾ ഒന്നും വേണ്ടത്ര ആഴത്തിൽ തൊട്ടിട്ടില്ലെന്നാണ് തോന്നുന്നത്. ആർത്തി വളർത്തുന്ന ഇന്നത്തെ രീതി കൊടും നാശത്തിലെത്തിക്കും.

**? ഇപ്പോഴത്തെ അവസ്ഥയിൽ നമുക്കെന്ത് ചെയ്യാനാകും ?**

കുഞ്ഞുങ്ങളിൽ നാടിനേയും ജീവിതത്തേയും കുറിച്ച് അത് സംരക്ഷിച്ച് നിലനിർത്താനുള്ള അടിസ്ഥാന വിദ്യാഭ്യാസം കൊടുക്കാം. കേരളത്തിനെ രക്ഷിക്കാൻ - ഊർജ്ജവും വൈദ്യുതിയും ഉത്പാദിപ്പിക്കാൻ അനേക വഴികളുള്ളത് എല്ലാവരോടും പറഞ്ഞുകൊടുക്കാം. ബയോ-ഗോബർ ഗ്യാസ്, കാറ്റിൽ നിന്നുള്ള വൈദ്യുതോത്പാദനം, സൗരോർജ്ജം തുടങ്ങിയ ബദൽ സാധ്യതകൾക്ക് മുഖ്യ പരിഗണന കൊടുക്കണം. കൂടാതെ ഊർജ്ജസംരക്ഷണം അത്യാവശ്യം. ധൂർത്തും ധാരാളിത്തവും കുറയ്ക്കണം.

മരങ്ങളില്ലാത്ത കുന്നുകളിലും വെളിപ്രദേശങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിക്കണം. മഴയ്ക്ക് മുൻപ് തൈകൾ തയ്യാറാക്കണം. കാലിയും തീയ്യും ഒക്കെയായി നശിച്ചുപോകാതെ സംരക്ഷിക്കണം. 12



പ്രൊഫ. ജോൺസി ജേക്കബ്ബ്

അടി ഉയരത്തിൽ മരങ്ങൾ വന്നാൽ തന്നെ അതിന്റെ 4 ഇരട്ടി ഉയരത്തിൽ ബാഷ്പം ഘനീഭവിക്കും (precipitation). കുറച്ചു സ്ഥലങ്ങളിൽ മരങ്ങൾ ഉണ്ടെങ്കിൽ അതിന് മുകളിൽ രാത്രിയുടെ അവസാനമാകുമ്പോഴേയ്ക്കും വെള്ളത്തിന്റെ അംശം ധാരാളമുണ്ടാകുന്നത് എനിക്ക് ഒരുപാട് അനുഭവ



മുണ്ട്. പ്രകൃതി ബന്ധമുള്ള നമ്മുടെ നാടിന്റെ സംസ്കാരം നിലനിർത്താനും വളർത്താനും പഠിപ്പിക്കണം.

**? ഇനിയത്തെ സൈലന്റ് വാലി സമരം എങ്ങനെയാവും ?**

നമ്മുടെ രീതികൾ മാറണം പ്രാദേശികമായി സമരം നടത്തണം. അവരെ ബോധവാന്മാരാക്കണം. മുത്തശ്ശിമാരും മുത്തശ്ശന്മാരും ഉള്ള മണ്ണാണെന്ന് മനസ്സിലാക്കിച്ച് അവരെ ഇളക്കണം. ഇനി അങ്ങോട്ട് കുടിവെള്ള പ്രശ്നം വരുമെന്ന് ബോധിപ്പിക്കണം. ഇപ്പോൾ എല്ലാവരും കുറുക്കുവഴികൾ തിരയുകയല്ലേ. സൈലന്റ് വാലി കാടുകളിലൊന്നും അധികം നടക്കാതിരിക്കണം. വളരെ ലോല (fragile) മാണ് ജൈവവ്യവസ്ഥ.

പണ്ട് ഞാൻ കരുതിയിരുന്നത് രാഷ്ട്രീയക്കാർ ഇടപെട്ടാൽ നന്നാവില്ല എന്ന്. ഇപ്പോൾ തോന്നുന്നു അവർ ഇടപെട്ടാൽ കാര്യങ്ങൾക്ക് സഹായകമാകുമെന്ന്. പ്രത്യേകിച്ച് സി.പി.ഐ. ക്കാർ സൈലന്റ് വാലി സംരക്ഷണത്തിൽ അനുകൂലമായല്ലോ.

**? ഒരു തുടക്കക്കാരൻ എന്ന നിലയ്ക്ക് താങ്കളുടെ ഇടപെടൽ എങ്ങനെയായിരുന്നു ?**

ഞാൻ തുടക്കക്കാരനായിരുന്നില്ല. ഡോ. എം.കെ. പ്രസാദ് ലേഖനം എഴുതാൻ തുടങ്ങി. ഡോ. വി.എസ്. വിജയൻ ആദ്യം പഠനം നടത്തി. അദ്ദേഹം അത് പുറത്ത് കൊടുത്തു പ്രസിദ്ധീകരിച്ചു, വിവാദമായി. അദ്ദേഹത്തെ ജോലിയിൽ (കെ.എഫ്.ആർ.ഐ.) നിന്നും പിരിച്ചുവിടാൻ തീരുമാനമായി. അന്ന് മുഖ്യമന്ത്രി ആന്റണിയാണ് അത് മുടക്കിയത്. അങ്ങനെ ഒരു ശാസ്ത്രജ്ഞനെ പിരിച്ചുവിടുന്നത് ശരിയല്ല എന്ന് പറഞ്ഞു. (അന്ന് ആന്റണിക്ക് കുറെ നന്മയും വകതിരിവും ഒക്കെ ഉണ്ടായിരുന്നു.)

പിന്നെ എം.കെ. പ്രസാദ് പറഞ്ഞ് ഞാൻ നാച്ചർ ക്ലബ്ബ് തുടങ്ങി. അങ്ങനെയാണ് ഞാൻ അതിന്റെ ഭാഗമാകുന്നത്. 1977-ൽ വടക്കൻ കേരളത്തിൽ ഏട്ടിക്കുളം ഗ്രാമത്തിൽ ആദ്യത്തെ നാച്ചർ ക്യാമ്പ് നടന്നു. ഇന്ദുചൂഡൻ, കെ.കെ. നീലകണ്ഠൻ, ഡി. എൻ. മാത്യു ഒക്കെ ഉണ്ടായിരുന്നു. പ്രസാദ് മീറ്റിങ്ങിന് വന്നപ്പോൾ കുട്ടികളോട് പറഞ്ഞു. "നിങ്ങൾ എന്തെങ്കിലും ചെയ്തേ പറ്റൂ. അല്ലെങ്കിൽ കാട് നഷ്ടപ്പെടും" എന്ന്. എല്ലാവരും ഒരാഴ്ച കറുത്ത ബാഡ്ജ് കുത്തി, കൊടി കെട്ടി. പോസ്റ്റർ ഒട്ടിച്ചു. കാർഡുകൾ അയച്ചു. പയ്യന്നൂർ കോളേജിലെ കുട്ടികൾ പ്രകടനം നടത്തി. കലാകാരന്മാരായിരുന്ന ചന്ദ്രനും ഷംസുദ്ദീനും 20 ബാനർ വരച്ചുണ്ടാക്കി. തിരുവനന്തപുരത്ത് കൊണ്ടുവെച്ചു. ഇലക്ട്രിസിറ്റി ബോർഡ് എതിർത്തു. പരിപാടി നിരോധിക്കാൻ മജിസ്ട്രേറ്റിന്റെ വീട്ടിൽ പോയി ഉത്തരവ് കൊണ്ടുവന്നു. അപ്പോൾ ഓരോ ടൗണിലും കൊണ്ടുനടന്നു. അപ്പോൾ ലെനിൻ ബാലവാടിയിൽ എല്ലാവരും കൂടി ചേർന്നു. പിന്നെ കത്തുകൾ, ലേഖനങ്ങൾ ഒക്കെ വന്നുതുടങ്ങി. എല്ലാവരോടും വേലിയിൽ പോലും തിന്നാവുന്ന മരങ്ങൾ നടാൻ പറഞ്ഞു.

ഡോ. സതീഷ്ചന്ദ്രനും ഉണ്ടായിരുന്നു. നല്ലൊരു കമ്മ്യൂണിസ്റ്റായ ശർമ്മാജിയും അവരുടെ ഭാര്യയും ഉണ്ടായിരുന്നു. ഡോ. എം.പി. പരമേശ്വരൻ പിന്തുണച്ചു. ഒന്നും പരിഷത്തിന്റെ പേരിലല്ല. എല്ലാവരും വ്യക്തിപരമായിട്ടാണ് പിന്തുണച്ചത്. ഡോ. എം.ജി.കെ. മേനോന്റെ റിപ്പോർട്ട് വന്നപ്പോൾ പരിഷത്ത് ചാടിക്കയറിയതാണ്. മുഴുവൻ ചെയ്തത് ശാസ്ത്ര സാഹിത്യ പരിഷത്താണെന്ന് വന്നു.

**? പ്രകൃതിയെ സംരക്ഷിയ്ക്കാൻ വരും തലമുറയെ എങ്ങിനെ ഒരുക്കും?**

അടിസ്ഥാനപരമായ ഒന്നും ഇപ്പോഴത്തെ കുട്ടികൾക്കറിയില്ല. ഇവിടെ എല്ലാ രീതികളും ആസക്തി വളർത്തുന്നതാണ്. കുട്ടികളെ പഠിപ്പിയ്ക്കുന്നത് വരെ ആസക്തി വളർത്തിയാണ്. അവർ പഠിയ്ക്കുന്ന പാഠത്തിൽ കാട് എന്നാൽ ചന്ദനം, ഈട്ടിയൊക്കെ ഉണ്ടായി നില്ക്കുന്ന സ്ഥലം മാത്രമാണ്. പക്ഷേ അതിലൊന്നും മഴയോ, വെള്ളമോ, മൃഗങ്ങളോ ഇല്ല. കണ്ടൽ കാടുകൾ എന്നാൽ ബംഗാളിൽ ഉള്ളതാണ്, കേരളത്തിൽ ഉള്ളതും ഉണ്ടാകേണ്ടതും ആണെന്ന് അവർ മനസ്സിലാക്കുന്നില്ല. ജലവൈദ്യുത പദ്ധതി എന്നാൽ കുറേ ഊർജ്ജവും, വൈദ്യുതിയും കിട്ടും എന്ന വിചാരത്തിൽ കവിഞ്ഞ് അതുകൊണ്ട് നഷ്ടമാകുന്ന കാട്, പുഴ, മൃഗങ്ങൾ ശലഭങ്ങൾ എന്നതൊന്നും അവർ അറിയുന്നില്ല. ഇന്നത്തെ കുട്ടികൾ പഠിയ്ക്കുന്നത് ജീവശാസ്ത്ര (biology) മല്ല, ജൈവ-സാങ്കേതിക വിദ്യ (biotechnology) യാണ്. കുളം കണ്ടാൽ, മരം കണ്ടാൽ എന്താണ് നോക്കേണ്ടത് എന്ന് അവർ പഠിയ്ക്കുന്നുമില്ല, പഠിപ്പിയ്ക്കുന്നുമില്ല. അതിനെയൊക്കെ പറ്റിയുള്ള ഒരു ചെറിയ പുസ്തകം ഞാൻ എഴുതിയിട്ടുണ്ട്. 'പ്രകൃതി-നിരീക്ഷണവും വ്യാഖ്യാനവും'.

ഇപ്പോൾ നേച്ചർ ക്ലബ്ബുകളുണ്ടാക്കാൻ കുട്ടികളെ കിട്ടില്ല. അവർക്ക് സമയമില്ല. ട്യൂഷ്യൻ അല്ലേ. നാം നമ്മുടെ ദുര കുറയ്ക്കേണ്ടിവരും.

*ജോൺസി ജേക്കബ്ബ്, 'പ്രതിഷ്ഠാനം', പുപ്പത്തി പി.ഒ., പൊയ്യ, തൃശൂർ-680 733, ഫോൺ : 0480-3735771*

**പ്രകൃതി നിരീക്ഷണവും വ്യാഖ്യാനവും**

**പ്രൊഫ. ജോൺസി ജേക്കബ്ബ്**

മലബാർ നാച്ചറൽ ഹിസ്റ്ററി സൊസൈറ്റി

വില 50 രൂപ

കോപ്പികൾക്ക് കേരളീയം, തൃശൂർ-21

കേരളീയം

## സാമ്പത്തിക പതിപ്പ്

സംസ്കാരത്തിനും വികസത്തിനുമിടയിൽ കരുത്തുറ്റ കണ്ണിയാണ് സാമ്പത്തിക സ്ഥാപനങ്ങൾ. കുറിക്കമ്പനികൾ തുടങ്ങി സഹകരണ മേഖലതൊട്ട് പഴയതും പുതിയതുമായ തലമുറകളിലെ സ്വകാര്യബാങ്കുകളിലൂടെ കടന്നുവന്ന പൊതുമേഖലാ ബാങ്കുകൾ പിന്നിട്ട് സംസ്ഥാന തലത്തിലും ദേശീയതലത്തിലുമുള്ള സാമ്പത്തിക സ്ഥാപനങ്ങൾ വരെയെത്തുമ്പോൾ കേരളത്തിന്റെ സാമ്പത്തിക വിനിമയത്തിന്റെയും വികാസത്തിന്റെയും ഏകദേശരൂപം വ്യക്തമാകും. ആഗോളവൽക്കരണത്തിന്റെ അലയടികൾ ഈ സ്ഥാപനങ്ങളിൽ ഘടനാപരമായിപ്പോലും മാറ്റങ്ങൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കയാണ്. കേവലം അനിവാര്യതയെന്ന പോലെ മലയാളി ഈ മാറ്റങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു.



കേരളത്തിന്റെ സാമ്പത്തിക രംഗത്തെ മാറ്റങ്ങളെ വിശ്ലേഷണം ചെയ്ത് ഇടനിലക്കാരായ സാമ്പത്തിക സ്ഥാപനങ്ങളെ വിലയിരുത്തി നമുക്കെന്തു സംഭവിക്കുന്നു എന്നന്വേഷിക്കാനായി കേരളീയം ഒരു സാമ്പത്തിക പതിപ്പ് രൂപകല്പന ചെയ്യുകയാണ്. സാമ്പത്തിക സ്ഥാപനങ്ങളുടെ സാരഥികളും നിക്ഷേപകരും വായ്പക്കാരും വ്യാപാരികളും വ്യവസായികളും കൃഷിക്കാരും മുതലാളികളും തൊഴിലാളികളുമൊക്കെ ഈ പതിപ്പിലൂടെ സംസാരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. വെളിച്ചമേറ്റ് തഴച്ചുവളരുന്ന വൻമരങ്ങൾക്കൊപ്പം തന്നെ വെളിച്ചമേല്ക്കാതെ വളർച്ചമുരടിച്ചുനില്ക്കുന്ന തളിർച്ചെടികളും ഞങ്ങൾക്കുപ്രധാനമാകയാൽ കേരളീയത്തിന്റെ സാമ്പത്തിക പതിപ്പിലേക്ക് ഉപയോഗപ്രദമാണെന്ന് കരുതുന്ന അഭിപ്രായങ്ങളും ആശയങ്ങളും വിവരങ്ങളും വിശേഷങ്ങളും അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

സൂചകങ്ങളായ ചില വിഷയങ്ങൾ ഞങ്ങൾ നിർദ്ദേശിക്കട്ടെ.

1. ഇന്ത്യയിലെ ബാങ്കിംഗ് മേഖലയിൽ കേരളത്തിന്റെ നില
2. കേരളത്തിന്റെ സ്വകാര്യ ബാങ്കുകൾ എങ്ങോട്ട്
3. സഹകരണ ബാങ്കുകളുടെയും സ്ഥാപനങ്ങളുടെയും ഗതിയെന്ത്
4. കുറിക്കമ്പനികളുടെ നിലനില്പ്
5. വികസന ധനകാര്യസ്ഥാപനങ്ങളും കേരളവും
6. പലിശ നിരക്കുകളിലെ മാറ്റങ്ങൾ കേരളത്തെ എങ്ങനെ ബാധിക്കുന്നു
7. ചെറുകിട വായ്പകൾ കേരളത്തിൽ
8. സമാന്തര ബാങ്കിംഗ് പരീക്ഷണങ്ങൾ
9. ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങൾ കേരളത്തിൽ
10. കേരളത്തിലെ വായ്പാനിക്ഷേപ തോത്

ഗസ്റ്റ് എഡിറ്റർ : **ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി**

അയക്കേണ്ട മേൽവിലാസം : ഗസ്റ്റ് എഡിറ്റർ, സാമ്പത്തിക പതിപ്പ്, C/o. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9447126032, 0487-2421385, ഫാക്സ് : 0487 2332032, e-mail : sebastinecc@sancharnet.in